**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2246** **11-10-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ റോഡ് റെയിൽവേ സ്റ്റേഷനിൽ വൺ വേ ഐ.ആർ.എസ് പ്ലാറ്റ്ഫോം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷം പ്രോജക്ട് ഐ.ടി. 11262 ആയി 12.50 ലക്ഷം അടങ്കൽ തുകയിൽ അനുവദിച്ചിരുന്ന നിലമ്പൂർ റോഡ് റെയിൽവേ സ്റ്റേഷനിൽ വൺ വേ ഐ.ആർ.എസ്. പ്ലാറ്റ്ഫോം നിർമ്മാണം എന്ന പ്രവൃത്തി ഇതുവരെയും ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | ഈ പ്രവൃത്തിയ്ക്കായി 12,50,000/- രൂപ ബിൽ റഫറൻസ് നം.21115019951 8500335213, തീയതി 24/08/2021 ആയി ചെന്നൈ സൗത്ത് റെയിൽവേ അക്കൗണ്ട് നം. 1186402609 ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. റെയിൽവെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| (ബി) | ഈ പ്രവൃത്തിയുടെ അടങ്കൽ തുക റെയിൽവേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിന് മലപ്പുറം തദ്ദേശ സ്വയംഭരണം വകുപ്പ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ഈ പ്രവൃത്തിയ്ക്കായി 12,50,000/- രൂപ ബിൽ റഫറൻസ് നം.21115019951 8500335213, തീയതി 24/08/2021 ആയി ചെന്നൈ സൗത്ത് റെയിൽവേ അക്കൗണ്ട് നം. 1186402609 ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. റെയിൽവെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| (സി) | മലപ്പുറം ജില്ലയിലെ ഏതെല്ലാം എം.എൽ.എ.മാരാണ് 2016-17 മുതൽ 2020-21 വരെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് റെയിൽവേ സ്റ്റേഷനുകളിൽ വിവിധ പ്രവൃത്തികൾ നിർദ്ദേശിച്ചതെന്നും നിർദ്ദേശിച്ച വർഷവും അടങ്കൽ തുകയും പ്രവൃത്തികളുടെ നിർവ്വഹണ അവസ്ഥയും അടക്കമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; | (സി) | വിശദാംശം അടങ്ങിയ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | മലപ്പുറം ജില്ലയിലെ മറ്റ് എം.എൽ.എ.മാർ റെയിൽവേ സ്റ്റേഷനുകളിൽ 2019-20ന് ശേഷം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർദ്ദേശിച്ച പ്രവൃത്തികൾ നിർവ്വഹിച്ചിട്ടും നിലമ്പൂർ എം.എൽ.എ. നിർദ്ദേശിച്ച പ്രവൃത്തികൾക്ക് മാത്രം ഭരണാനുമതി ലഭ്യമാക്കുന്നതിലും നിർവ്വഹിക്കുന്നതിലും ബോധപൂർവ്വമായ കാലതാമസം മലപ്പുറം തദ്ദേശ സ്വയംഭരണ വകുപ്പ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഉണ്ടാകുന്നുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | ഇല്ല |

| | | | |
|---|---|---|---|
| (ഇ) | ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകും എന്നാണ് കരുതുന്നത്; പ്രസ്തുത ഫയലിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടുണ്ടെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല. റെയിൽവേയ്ക്ക് തുക കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| PID | Project Name | FY | Estimate | MLA | Status |
|---|---|---|---|---|---|
| 11262 | നിലമ്പൂർ റോഡ് റെയിൽവെ സ്റ്റേഷനിൽ വൺ ബേ ഐ.ആർ.എസ് ടൈപ്പ് പ്ലാറ്റ് ഫോം ഷെൽറ്റർ നിർമ്മാണം | 2019-2020 | 1,250,000.00 | Nilambur | റെയിൽ വേക്ക് ഡെപ്പോസിറ്റ് ചെയ്തു |
| 8266 | നിലമ്പൂർ -ഷൊർണ്ണൂർ റെയിൽ പാതയിൽ രാമങ്കുത്ത് എന്ന സ്ഥലത്ത് സബ് വേ നിർമ്മാണം | 2018-2019 | 3,500,000.00 | Nilambur | റെയിൽ വേക്ക് ഡെപ്പോസിറ്റ് ചെയ്തു |
| 8245 | വാണിയമ്പലം റെയിൽവേ സ്റ്റേഷനിൽ ഹൈ ലെവൽ പ്ലാറ്റ് ഫോം നിർമ്മാണം | 2018-2019 | 5,000,000.00 | Wandoor | റെയിൽ വേക്ക് ഡെപ്പോസിറ്റ് ചെയ്തു |
| 9986 | താനൂർ റെയിൽവെ സ്റ്റേഷനിൽ പുതിയ ടിക്കറ്റ് കൌണ്ടറും വെയിറ്റിംഗ് ഷെഡും (അനുബന്ധ സൌകര്യങ്ങൾ ഉൾപ്പടെ) നിർമ്മിക്കൽ | 2019-2020 | 15,000,000.00 | Thanur | റെയിൽ വേക്ക് ഡെപ്പോസിറ്റ് ചെയ്തു |
| 3648 | താനൂർ നഗരസഭാ പരിധിയിൽപ്പെട്ട താനൂർ റെയിൽവെ സ്റ്റേഷനിൽ നിലവിലുള്ള ഫുട്ട്ഓവർ ബ്രിഡ്ജ് രണ്ട് ഭാഗത്തേക്കും നീട്ടൽ | 2017-2018 | 8,636,000.00 | Thanur | റെയിൽ വേക്ക് ഡെപ്പോസിറ്റ് ചെയ്തു |
| 12703 | തിരൂർ റെയിൽവെ സ്റ്റേഷനിൽ പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ നിർമ്മാണം | 2020-2021 | 2,000,000.00 | Tirur | റെയിൽ വേക്ക് ഡെപ്പോസിറ്റ് ചെയ്തു |